## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 225 — 17/06/2019 -ന് മറുപടിക്ക്

### പുതിയ ഡാമുകളുടെ നിർമ്മാണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.സി. ജോർജ്<br>ശ്രീ. ഒ. രാജഗോപാൽ | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) പ്രളയ നിയന്ത്രണം ലക്ഷ്യം വച്ചുകൊണ്ട്പുതിയതായി എത്ര ഡാമുകളാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (എ) കാരാപ്പാറ നദിക്ക് കുറുകെ നിർമ്മിക്കാനുദ്ദേശിക്കുന്ന കുരിയാർകുറ്റി-കാരാപ്പാറ ഡാം ചാലക്കുടി നദിയിലെ പ്രളയ നിയന്ത്രണം കൂടി ലക്ഷ്യം വച്ചാണ് നിർമ്മിക്കാനുദ്ദേശിക്കുന്നത്. പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ, വടകരപ്പതി, എരുത്തേമ്പതി മുതലായ പഞ്ചായത്തുകളിലെ ജലക്ഷാമം പരിഹരിക്കുന്നതിനായിട്ടാണ് ഈ പദ്ധതി. പദ്ധതിയുടെ വിശദമായ പര്യവേഷണപ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി 2019-20 സാമ്പത്തിക വർഷത്തിൽ അഞ്ച് കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ വിശദമായ പര്യവേഷണ പ്രവൃത്തികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ പദ്ധതി കൊണ്ട് വൈദ്യുതോല്പാദനവും നടത്താവുന്നതാണ്. ഇതിനു പുറമേ കബനി ബേസിനിൽ വിഭാവനം ചെയ്തിട്ടുള്ള |

| | |
|---|---|
| | കടമാൻതോട് ചുണ്ടലിപ്പുഴ, നൂൽപ്പുഴ, കല്ലമ്പതി, തിരുനെല്ലി തോണ്ടാർ, പേരിങ്ങോട്ട് പുഴ എന്നീ നിർദ്ദിഷ്ട ഡാമുകളും പ്രളയ നിയന്ത്രണത്തിന് സഹായകരമാണെന്ന് കരുതുന്നു. |
| (ബി) സംസ്ഥാനത്തെ ഏതെങ്കിലും ഡാമുകൾക്ക് ബലക്ഷയം ഉള്ളതായി ഏതെങ്കിലും ഏജൻസികൾ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ അത് വിശദമാക്കാമോ; | (ബി) 25-11-1979-ൽ CWC ചെയർമാൻ ഉൾപ്പെടെയുള്ളവർ പങ്കെടുത്ത യോഗത്തിൽ മുല്ലപ്പെരിയാർ ഡാമിനെ ബലപ്പെടുത്താനുള്ള ആവശ്യകത സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ട്. കൂടാതെ ദില്ലി IIT യുടെ പഠന റിപ്പോർട്ടിൽ രൂക്ഷമായ പ്രളയത്തിൽ (Probable Maximum Flood) Hydrologically Unsafe ആണെന്ന് പറയുന്നുണ്ട്. |
| (സി) ജലവിഭവ വകുപ്പിന്റെ കീഴിൽ ഏതൊക്കെ ജില്ലകളിൽ എത്ര ഡാമുകൾ ഉണ്ട്; വിശദാംശം ലഭ്യമാക്കാമോ? | (സി) ജലവിഭവ വകുപ്പിനു കീഴിൽ 20 ഡാമുകൾ /റെഗുലേറ്ററുകൾ /ബാരേജുകൾ ഉണ്ട്. ഡാമുകളുടെ പേരും അത് സ്ഥിതി ചെയ്യുന്ന ജില്ലയും അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| ഡാമുകൾ/ബാരേജുകൾ | ജില്ല |
|---|---|
| (1) മലമ്പുഴ | പാലക്കാട് |
| (2) പോത്തു ണ്ടി | പാലക്കാട് |
| (3) ചുള്ളിയാർ | പാലക്കാട് |
| (4) മീൻകര | പാലക്കാട് |
| (5) കാഞ്ഞിരപ്പുഴ | പാലക്കാട് |
| (6) വാളയാർ | പാലക്കാട് |
| (7) മലങ്കര | ഇടുക്കി |
| (8) ചിമ്മിണി | തൃശ്ശൂർ |
| (9) പീച്ചി | തൃശ്ശൂർ |
| (10) വാഴാനി | തൃശ്ശൂർ |
| (11) പഴശ്ശി ബാരേജ് | കണ്ണൂർ |
| (12) കുറ്റ്യാടി | കോഴിക്കോട് |
| (13) പെരിയാർ വാലി/ഭൂതത്താൻ കെട്ട്/ബാരേജ് | എറണാകുളം |
| (14) കല്ലട | കൊല്ലം |
| (15) നെയ്യാർ | തിരുവനന്തപുരം |
| (16) പമ്പ-ബാരേജ് (മണിയാർ) | പത്തനംതിട്ട |
| (17) മംഗലം | പാലക്കാട് |
| (18) കാരാപ്പുഴ | വയനാട് |
| (19) ശിരു വാണി | പാലക്കാട് |
| (20) മൂലത്തറ റഗുലേറ്റർ | പാലക്കാട് |